**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2560** **12.03.2020 ൽ മറുപടിയ്ക്ക്**

**കള്ള് ഷാപ്പുകളുടെ നവീകരണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ഒരു തെങ്ങിൽ നിന്നും ലഭിക്കുന്ന കള്ളിന്റെ അളവ് ഒന്നര ലിറ്ററായിരുന്നത്, രണ്ട് ലിറ്ററായി ഉയർത്തുന്നതിന് പുതിയ മദ്യനയത്തിൽ ശിപാർശയുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | 27.02.2020 തീയതിയിലെ ജി.ഒ(എം.എസ്) നം. 22/2020/നി.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 2020-21 വർഷത്തെ മദ്യനയം അനുസരിച്ച് ഒരു തെങ്ങിൽ നിന്നും ലഭിക്കുന്ന കള്ളിന്റെ അളവ് ലളിതാംബിക കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ദിനംപ്രതി 1.5 ലിറ്റർ എന്നതിൽ നിന്നും ദിനംപ്രതി 2 ലിറ്റർ എന്നാക്കി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | കള്ള് ഷാപ്പുകൾക്ക് ദൂരപരിധി എടുത്ത് കളയുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | നിലവിൽ കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ ദൂരപരിധി ബാധകമാകാതെ തുടർന്നും ലൈസൻസ് നൽകി പ്രവർത്തിക്കുന്നതിന് അനുമതി നൽകി നിലവിലെ കള്ള്ഷാപ്പുകളെ സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | കള്ള് ഷാപ്പുകളിൽ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നത് നിയമവിധേയമാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; | (സി) | കള്ളുഷാപ്പുകളിൽ കള്ളിനോടൊപ്പം ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്നത് നിയമവിധേയമാക്കുമെന്ന് 2020-21-ലെ മദ്യനയത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ കള്ള് ഷാപ്പുകളുടെ നവീകരണത്തിന് സർക്കാർ ഫണ്ട് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ? | (ഡി) | കള്ളുവ്യവസായത്തെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ടോഡി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടോഡി ബോർഡ് പ്രാവർത്തികമാകുന്ന ഘട്ടത്തിൽ ഇക്കാര്യങ്ങളടക്കം വിശദമായി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ